# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./ഇ.കെ.എം/ബി.പി-365/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/05/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), എറണാകുളം

നമ്പർ: കെ.എസ്.എ./ഇ.കെ.എം/ബി.പി-365/2022 തീയ്യതി: 10/05/2022

## എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 22-02-2022 | 25-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-02-2022 | 25-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ധീരജ് ജെ, ഓഡിറ്റ് ഓഫീസർ,
2.ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
3.അനീഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
4.സ്വപ്ന വി, ഓഡിറ്റർ
5.കിരൺ കെ എസ്, ഓഡിറ്റർ
6. മുഹമ്മദ് ഷാഫി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റഷീദ സലിം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ലിജുമോൻ എസ് | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ നാസർ കെ എച്ച് | സെക്രട്ടറി | 01-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമിയ സി വൈ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 21-07-2019 |
| ശ്രീ അനൂപ് ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 22-07-2019 | 31-03-2020 |
| ശ്രീമതി റസീന ടി എ | എസ് സി ഡി ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി സുപ്രിയദേവി എസ് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ജിയോ ജോസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ലൂസിന പൗലോസ് | മെഡിക്കൽ ഓഫീസർ,സി എച്ച് സി, നേര്യമംഗലം | 01-04-2019 | 31-03-2020 |
| ഡോ.ബി സുധാകർ | മെഡിക്കൽ ഓഫീസർ,സി എച്ച് സി, വാരപ്പെട്ടി | 01-04-2019 | 12-05-2019 |
| ഡോ.മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ,സി എച്ച് സി, വാരപ്പെട്ടി | 13-05-2019 | 31-03-2020 |
| ഡോ.ആശിഷ് | മെഡിക്കൽ ഓഫീസർ,സി എച്ച് സി, പല്ലാരിമംഗലം | 01-04-2019 | 31-03-2020 |
| ശ്രീമതി സൂസൻ ലിയോ തോമസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 12-05-2019 |
| ശ്രീമതി അനിത വിജയൻ | അസിസ്റ്റന്റ് ഡയറക്ടർ | 13-05-2019 | 22-05-2019 |

| | | | |
|---|---|---|---|
| | ഓഫ് അഗ്രിക്കൾച്ചർ | | |
| ശ്രീമതി സൂസൻ ലിയോ തോമസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 23-05-2019 | 14-06-2019 |
| ശ്രീമതി അനിത വിജയൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 15-06-2019 | 10-07-2019 |
| ശ്രീമതി സിന്ധു വി പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 11-07-2019 | 04-11-2019 |
| ശ്രീമതി സൂസൻ ലിയോ തോമസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 05-11-2019 | 30-11-2019 |
| ശ്രീമതി സിന്ധു വി പി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-12-2019 | 31-03-2020 |
| ശ്രീ. ടി.ജെ. തങ്കച്ചൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| ശ്രീമതി ധന്യ എൻ ജനാർദ്ദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26-07-2019 | 31-03-2020 |
| ശ്രീമതി ജൂമൈലബീവി ഒ | സി ഡി പി ഒ | 01-04-2019 | 30-04-2019 |
| ശ്രീമതി ലൈല കെ എച്ച് | സി ഡി പി ഒ | 01-05-2019 | 17-07-2019 |
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ | 18-07-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh R (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Aneesh R (Auditor, On 23-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Aneesh R (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 07-05-2022) | 1-2-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Aneesh R (Auditor, On 23-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Aneesh R (Auditor, On 23-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Swapna.V (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Aneesh R (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-6 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Muhammed Shafi V M (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Swapna.V (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Swapna.V (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-9 |
| 11 | രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-10 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Muhammed Shafi V M (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-11 |
| 13 | കാലി വീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Muhammed Shafi V M (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-12 |
| 14 | പി.എച്ച്.സി യുടെ കണ്ടിജന്റ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകി<br>Written By: Swapna.V (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-13 |
| 15 | പഴയ വാഹനത്തിന്റെ വില്പന -ലേല നടപടികൾ പൂർത്തിയായില്ല<br>Written By: Swapna.V (Auditor, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-14 |
| 16 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി<br>Written By: Swapna.V (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-15 |
| 17 | ജാതി തൈ വിതരണം- പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ. | 1-16 |

| | | |
|---|---|---|
| | Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | |
| 18 | ടില്ലർ വാങ്ങി നൽകൽ- തുടർ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-17 |
| 19 | ഡെപ്പൊസിറ്റ് പ്രവൃത്തിക്ക് സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-18 |
| 20 | ലൈഫ് ഭവന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-19 |
| 21 | ആസ്തി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്<br>Written By: Shaiby.E.D (Asst. Audit Officer, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-20 |
| 22 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-21 |
| 23 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 24-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-22 |
| 24 | കൃഷി അസി.ഡയറക്ടർ ശേഖരിച്ച ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല<br>Written By: Aneesh R (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-23 |
| 25 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Kiran K.S (Auditor, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-24 |
| 26 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-25 |
| 27 | പി.എം.എ.വൈ.- ലൈഫ് ഭവന നിർമ്മാണം - ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-26 |
| 28 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-27 |
| 29 | പദ്ധതി ചെലവ്- പ്ലാൻഫണ്ടിൽ നിന്നും മിസലേനിയസ് അക്കൗണ്ടിലേക്ക് ലഭ്യമാക്കേണ്ട തുക മാറ്റിയില്ല.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-28 |
| 30 | സ്രോതസ്സിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹന വാടക നൽകി.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-29 |
| 31 | വാരപ്പെട്ടി സി.എച്ച്.സി. യുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹനവാടക നൽകി.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 1-30 |
| 32 | പല്ലാരിമംഗലം പി.എച്ച്.സി - സ്രോതസ്സിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹനവാടക നൽകി.<br>Written By: Dheeraj J (Audit Officer, On 01-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-31 |
| 33 | ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.<br>Written By: Kiran K.S (Auditor, On 24-02-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Joby George (Computer Assistant, On 06-05-2022) | |
| 34 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല<br>Written By: Shaiby.E.D (Asst. Audit Officer, On 07-03-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 1-33 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി<br>Written By: Dheeraj J (Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 23-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 29-04-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Shaiby.E.D (Asst. Audit Officer, On 23-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 22-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Shaiby.E.D (Asst. Audit Officer, On 22-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 4-8 |
| 9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Dheeraj J (Audit Officer, On 22-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaiby.E.D (Asst. Audit Officer, On 25-02-2022)<br>Last Updated By: Joby George (Computer Assistant, On 06-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Shaiby.E.D (Asst. Audit Officer, On 22-02-2022)<br>Last Updated By: Joby George (Computer Assistant, On 07-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 20.02.2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.03.2020 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3985490.00 | 36048842.81 |
| വരവ് | 125994922.00 | 73124049.00 |
| ആകെ | 129980412.00 | 109172891.81 |
| ചെലവ് | 127631838.00 | 79447535.00 |
| നീക്കിയിരിപ്പ് | 2348574.00 | 29725356.81 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ബജറ്റ് വിഭാവനം ചെയ്ത രീതിയിൽ തന്നെ പദ്ധതി രൂപീകരണം നടത്തി ലഭ്യമായ മുഴുവൻ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 09.06.2020 |

## 1-2-2 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) 2018-19 വാർഷിക ധനകാര്യ പത്രികയിലെ B5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക 7760000/- രൂപയാണ്. 2019-20 വർഷം പുതിയ വായ്പയെടുക്കുകയോ, നിലവിലുള്ള വായ്പ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 2019-20 വാർഷിക ധനകാര്യപത്രികയിലെ B5 ഷെഡ്യൂൾ പ്രകാരം തിരിച്ചടക്കാൻ ബാക്കി നിൽക്കുന്ന തുക 14383618/- രൂപയാണ്. തൻവർഷം വായ്പ എടുക്കുകയോ, തിരിച്ചടക്കുകയോ ചെയ്തിട്ടില്ലെങ്കിലും വായ്പയിനത്തിൽ 6623618/- രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വ്യത്യാസം വായ്പയുടെ പലിശയാണെന്നാണ് വിശദീകരണം നൽകിയത്. ആയതിന്റെ ആധികാരിക രേഖ സമർപ്പിക്കേണ്ടതാണ്.

2) 2018-19 വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂൾ പ്രകാരം Advance To Implementing Agencies - Deposit With Kerala Water Authority എന്ന ഹെഡ്ഡിൽ കേരള വാട്ടർ അതോറിറ്റിക്ക് 528000/- രൂപ നിക്ഷേപ പ്രവൃത്തിക്കായി മുൻകൂർ നൽകിയിരുന്നു. 2019-20 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ബന്ധപ്പെട്ട നിക്ഷേപ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രവും, പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭിച്ചിട്ടില്ല. എന്നാൽ, 2019-20 വർഷം വിനിയോഗ സാക്ഷ്യപത്രവും, പൂർത്തീകരണ സർട്ടിഫിക്കറ്റും ലഭിക്കാതെ തന്നെ ടി തുക ആസ്തിയിലേക്ക് മാറ്റിയിട്ടുണ്ട്. ചെലവ് തുക അഡ്വാൻസ് ഹെഡ്ഡിലേക്ക് മാറ്റുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) പോത്താനിക്കാട് ഗവ. ആശുപത്രി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്ന നിക്ഷേപ

പ്രവൃത്തിക്കായി പ്രോജക്ട് നം. 250/19-20 പ്രകാരം 46092/- രൂപ കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയിട്ടുണ്ട്. (UTR No. U000000757819736/01.02.2020) Advance To Implementing Agencies - Deposit With Kerala Electricity Board എന്ന ഹെഡ്ഡിൽ ചെലവ് രേഖപ്പെടുത്തുന്നതിന് പകരം Electricity Line Extension എന്ന ആസ്തി ഹെഡ്ഡിലാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതിരുന്നിട്ടും ബാലൻസ് ഷീറ്റിലെ B18 ഷെഡ്യൂളിൽ അഡ്വാൻസായി ഉൾപ്പെടുത്താനും സാധിച്ചിട്ടില്ല. ചെലവ് തുക അഡ്വാൻസ് ഹെഡ്ഡിലേക്ക് മാറ്റുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

4) എം.ജി.എൻ.ആർ.ഇ.ജി.എ.യുടെ 31.03.2020ലെ ബാങ്ക് അക്കൌണ്ട് നീക്കിയിരിപ്പ് 757213.69/- രൂപയാണ്. ടി തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി തുക അക്കൗണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5) ആസ്തി രജിസ്റ്റർ വാർഷിക ധനകാര്യപത്രികയിലെ B11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

6) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ അഡ്വാൻസ്, ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

7) സംയുക്തപദ്ധതികൾക്കായി ലഭിച്ച 320700208 ഹെഡ്ഡിലെ തുക 580000/- രൂപയാണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 630000/- എന്ന് തെറ്റായാണ് ചേർത്തിട്ടുള്ളത്. 320700203 എന്ന ഹെഡ്ഡിൽ 701,554/- രൂപ ഈയിനത്തിലെ വരവായി ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പല്ലാരിമംഗലം പഞ്ചായത്ത് വാർഡ് 12 അടിവാട് വെസ്റ്റ് കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ എന്ന നിക്ഷേപ പ്രവൃത്തിക്ക് Advance To Implementing Agencies - Deposit With Kerala Water Authority എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടില്ല. ടി തുക അക്കൌണ്ട് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. അക്കൗണ്ട് ചെയ്തതിന്റെ വിവരം അറിയിക്കേണ്ടതാണ്.

8) ചെക്ക്, ഡി.ഡി. എന്നിവ മുഖേന ലഭിക്കുന്ന വരവുകൾ അതത് ദിവസം തന്നെ ഫ്രണ്ട് ഓഫീസിൽ ബാങ്ക് രസീത് ചെയ്യുന്നില്ല. തുടർന്നുള്ള ദിവസങ്ങളിൽ ബാക്ക് എൻട്രിയായിട്ടാണ് ടി തുകകൾ രേഖപ്പെടുത്തുന്നത്. ചെക്ക്/ ഡി.ഡി.യായി ലഭിക്കുന്ന തുക 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം രസീത് ചെയ്യേണ്ടതാണ്. വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സംവിധാനം അക്കൗണ്ടിംഗ് ചട്ടങ്ങളും മാനുവലും പ്രകാരം ക്രമപ്പെടുത്തേണ്ടതും അനുബന്ധ രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 36048842.81 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 73124049.00 |
| ആകെ | | 109172891.81 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 79447535.00 |
| നീക്കിയിരിപ്പ് | | 29725356.81 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 924.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 571092.00 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 71986914 | 71986914 | 51570280 | - | 20416634 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 13375000 | 13375000 | 6645942 | - | 6729058 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4078000 | 4078000 | 2812900 | - | 1265100 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 93399000 | 3714642 | 3073728 | - | 640914 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എഎവൈ അഡ്മിൻ ചെലവ് | 42215 | 882 | 43097 | 43097 | 0 | |
| എസ് ജി എസ് വൈ | 8184880 | 312991 | 8497871 | 1639882 | 6858039 | |
| ടോട്ടൽ സാനിറ്റേഷൻ | 1017210 | 34181 | 1051391 | 0 | 1051391 | |
| എഡബ്ല്യൂഎംപി | 9915 | 223 | 10133 | 981 | 5157 | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 190 | 119861856 | 61 | 64102850 | 64 | 65 | 32.10 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.02.2022 ന് 3.15 പി എം സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ടി ദിവസം പണമിടപാടുകൾ നടന്നിട്ടില്ലായെന്ന് ബോധ്യപ്പെട്ടു.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.02.2022 മുതൽ 16.02.2022 വരെ | 2020-21 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.01.2014 മുതൽ 10.01.2014 വരെ | 2010-11 മുതൽ 2012-13 വരെ | 19.02.2014 |

1-9 ആഭ്യന്തര നിയന്ത്രണം

സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ ചേർത്ത് സെക്ഷനുകൾക്ക് കൈമാറുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും മാനുവൽ ഓഫ് ഒഫീസ് പ്രൊസീജിയറിൽ അനുശാസിക്കുന്ന രീതിയിൽ മുഴുവൻ കോളങ്ങളും പൂർത്തിയാക്കി സൂക്ഷിക്കുന്നില്ല.
2. ഓഫീസ് ഓർഡറുകൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. വിവിധ സെക്ഷനുകൾക്കുള്ള ചുമതലാ വിഭജനം ചേർത്ത് പരിപാലിക്കുന്നുണ്ട്.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. സൂചിക സോഫ്റ്റ്‌വെയർ മുൻപ് ഉപയോഗിച്ചിരുന്നുവെങ്കിലും നിലവിൽ ഉപയോഗിക്കുന്നില്ല. വിവിധ സെക്ഷനുകൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമാണെങ്കിലും ഇ-ഓഫീസ് സംവിധാനത്തിലേക്ക് പൂർണ്ണമായി മാറാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

1-10 രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1) വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. (രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ ഇൻഡക്സ് രേഖപ്പെടുത്തിയിട്ടില്ല, പ്രതിമാസ വാടക വിവരങ്ങൾ ചേർത്തിട്ടില്ല. കെട്ടിട നമ്പറുകൾ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. )
2) വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ കരാർ സൂക്ഷിച്ചിട്ടില്ല.
3) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
4) 2011 ലെ പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 10(3) പ്രകാരം ഓരോതരം വൌച്ചറുകൾക്കും പ്രത്യേകം ക്രമനമ്പറുകൾ നൽകേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വൌച്ചറുകളിൽ നമ്പർ രേഖപ്പെടുത്തുന്നില്ല. നിലവിൽ വൌച്ചർ പ്രകാരമുള്ള ചെലവുകൾ ചെക്ക് ഇഷ്യൂ രജിസ്റ്റർ മുഖേനയാണ് പരിശോധിക്കാൻ സാധിക്കുന്നുള്ളൂ. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്ററിലും വൌച്ചർ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

5) രസീത് മുഖേനയുള്ള കളക്ഷനുകൾ രജിസ്റ്ററുകളിലേക്ക് ചേർക്കുന്നില്ല. ആയതിനാൽ തന്നെ പണം വരവ്, അടവ് എന്നിവയുടെ പരിശോധന എളുപ്പമല്ല.

1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറിന്റെ ഓഫീസിലേക്ക് നൽകിയ 927നമ്പർ രസീത് ബുക്കിലെ 4, 5, 6 നമ്പർ രസീതുകൾ പ്രകാരം പ്രോജക്ട് നം 255 / 19-20 ന്റെ ഭാഗമായി 17.12.2019 ൽ ആകെ 50642/- രൂപ പിരിച്ചെങ്കിലും ടി തുക ട്രഷറിയിൽ അടവാക്കിയത് 10.01.2020 ൽ ആണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7 (2) പ്രകാരം ദിവസേന ഉള്ള കളക്ഷൻ തുക അടുത്ത പ്രവൃത്തി ദിവസം ട്രഷറിയിൽ അടവാക്കേണ്ടതാണ്. തുക ട്രഷറിയിൽ അടവാക്കാൻ വൈകിയതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9, തീയതി.24.02.2022) മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതും ആണ്.

2) 2019-20 ലെ ഡേബുക്കിൽ 14.05.2019 ലെ 119010100001നമ്പർ രസീത് പ്രകാരം മാനേജർ, മുത്തൂറ്റ് ഫിനാൻസിൽ നിന്ന് 1770/- രൂപ വരവ് വന്നതായി കാണുന്നു. എന്നാൽ ഈ നമ്പറിലുള്ള സാംഖ്യാ രസീത് പരിശോധനക്ക് ലഭ്യമായിട്ടില്ല. 30.03.2019 ൽ (2018-19 വർഷം അവസാനം) ഉപയോഗിച്ച രസീതിന്റെ സ്റ്റേഷനറി നം. B- 8946194 ആണ് . സ്റ്റേഷനറി നം. B- 8946195 എന്ന തൊട്ടടുത്ത ക്രമ നമ്പറിലുള്ള രസീത് 2019-20 വർഷത്തിൽ സാംഖ്യാ രസീത് നമ്പർ 119010100002 ആയി ഉപയോഗിച്ചിട്ടുമുണ്ട്. പരിശോധനക്ക് ലഭ്യമായിട്ടില്ലാത്ത 119010100001 രസീത് പ്രകാരമുള്ള കളക്ഷന് ഏത് ക്രമ നമ്പറിലുള്ള സ്റ്റേഷനറിയാണ് ഉപയോഗിച്ചതെന്ന് വ്യക്തമല്ല. മേൽ പറഞ്ഞ ക്രമ നമ്പറിലുള്ള സ്റ്റേഷനറികളുടെ സ്റ്റോക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ ലഭ്യമാണെങ്കിൽ ടി രജിസ്റ്ററും, 119010100001നമ്പർ രസീതും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തീയതി. 25.02.2022), ടി രസീത് സാംഖ്യാ പ്രകാരം തയ്യാറാക്കുന്നതിന് ശ്രമിച്ചെങ്കിലും കമ്പ്യൂട്ടർ തകരാർ മൂലം ടി നടപടി പൂർത്തീകരിക്കാൻ കഴിയാതെ ടി തുകക്ക് മാനുവൽ രസീത് (ബുക്ക് നം-18, രസീത് നം-24) നൽകിയെന്നും പിന്നീട് ഈ രസീത് സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതായി ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നും മറുപടി ലഭിച്ചു. 119010100001 നമ്പർ രസീത് നാളിതുവരെയും ക്യാൻസൽ ചെയ്തിട്ടില്ല.

3)ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് നൽകിയ രസീത് ബുക്ക് നം 616 ൽ 66 മുതൽ 89 വരെയുള്ള രസീതുകളിൽ രസീത് നൽകിയ തീയതി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10, തീയതി. 24.02.2022), 66 മുതൽ 89 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 25.08.2020 വരെ പിരിച്ച ടെണ്ടർ ഫോമുകളുടെ വിലയായ 43197/- രൂപ 26.08.2020 ൽ ചെലാൻ നമ്പർ 28007 പ്രകാരം ട്രഷറിയിൽ ഒടുക്കിയിട്ടുണ്ട് എന്ന മറുപടി ലഭിച്ചു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-12 കാലി വീപ്പയുടെ വില തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നം. | പൈങ്ങോട്ടൂർ<br>പഞ്ചായത്ത് ഓഫീസ്<br>വേലത്തിപ്പാറ റോഡ് ഫോർമേഷൻ,<br>195/19-20 |
| അടങ്കൽ | 515943/- |
| ചെലവ് | 480833/- |

മേൽ പദ്ധതിയിൽ 238/- രൂപ നിരക്കിൽ 12 കാലി ബാരലിന്റെ വില ജി എസ് ടി ഉൾപ്പെടെ 3370/- രൂപ (12 X 238 =2856 + 18% ജി എസ് ടി) സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് എന്ന പേരിൽ തനത് ഫണ്ടിലേക്ക് നൽകിയതായി കാണുന്നു. വികസന ഫണ്ട് പൊതുവിഭാഗം സാധാരണ

വിഹിതത്തിൽ നിന്ന് ചെയ്ത പ്രവൃത്തിയായതിനാൽ കാലി വീപ്പയുടെ വില ഇതേ ഹെഡ്ഡിലേക്ക് വരവ് വച്ച് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12, തീയതി. 25.02.2022) കാലി വീപ്പയുടെ വില ഇനത്തിൽ ലഭ്യമായ 3370/- രൂപ ബന്ധപ്പെട്ട ശീർഷകത്തിലേക്ക് എത്രയും വേഗം നിക്ഷേപിക്കുന്നതാണ് എന്ന മറുപടി ലഭിച്ചു. കാലി വീപ്പയുടെ വില സർക്കാരിലേക്ക് അടവാക്കി രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കണ്ടതാണ്.

## 1-13 പി.എച്ച്.സി യുടെ കണ്ടിജന്റ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകി

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി യുടെ വിവിധ കണ്ടിജന്റ് ചെലവുകളുടെ ആകെ തുകയായ 18251/- രൂപ ചെക്ക് നം. 2182517 തീയതി 17.7.19, (വൌച്ചർ നം. രേഖപ്പെടുത്തിയിട്ടില്ല). പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ തനതുഫണ്ടിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക/തീയതി |
|---|---|---|
| 1 | ഇലക്ട്രിസിറ്റി ചാർജ് | 4332/19.3.2019 |
| 2 | ടെലഫോൺ ചാർജ് | 4370/12.4.19 |
| 3 | ഇലക്ട്രിസിറ്റി ചാർജ് | 4761/12.4.19 |
| 4 | ഇലക്ട്രിസിറ്റി ചാർജ് | 4788/11.5.2019 |
| ആകെ തുക | | 18251/- |

ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ കണ്ടിജന്റ് ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ നനതുഫണ്ടിൽ നിന്നും ചെലവഴിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/23.2.2022) ലഭ്യമായ മറുപടിയിൽ ഗവൺമെന്റ് ആശുപത്രി എന്ന നിലയിലാണ് പോത്താനിക്കാട് ഗവ. ആശുപത്രിയുടെ ചെലവുകൾ ബ്ലോക്കിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളത് എന്നും ഈ സ്ഥാപനത്തെ പി.എച്ച്.സി ആയി മാറ്റിയെങ്കിലും പഞ്ചായത്തിനു കൈമാറി നൽകിയിട്ടില്ലാത്ത സാഹചര്യത്തിലാണ് ഇപ്പോഴും ബ്ലോക്കിൽ നിന്നും അനുവദിച്ചു നൽകുന്നത് എന്നും അറിയിച്ചിട്ടുണ്ട്. പോത്താനിക്കാട് പി.എച്ച്.സി. ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-14 പഴയ വാഹനത്തിന്റെ വില്പന -ലേല നടപടികൾ പൂർത്തിയായില്ല

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായിരുന്ന KL 44 B 3143 മഹീന്ദ്ര ബൊലേറോ ജീപ്പ് 31.10.2017 ന് ഓടിക്കൊണ്ടിരിക്കെ തീ പിടിക്കുകയും ഉപയോഗശൂന്യമാകുകയും ചെയ്തിരുന്നതിനാൽ പ്രോജക്ട് നമ്പർ 07/2019 പ്രകാരം പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. ചാലക്കുടി പി ഡബ്ളിയു ഡി മെക്കാനിക്കൽ എഞ്ചിനിയർ വാഹനം പരിശോധിച്ചതിൽ എൻജിൻ, പമ്പ്, ബാറ്ററി എന്നിവ നശിച്ച് പോയതിനാൽ 29,000/-രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് ഇരുമ്പ് വിലക്ക് ലേലം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് വിൽക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് സെക്രട്ടറി ഗ്രാമവികസന കമ്മീഷണർക്ക് 08.03.2019 ൽ ബി.3784/17 നമ്പർ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പഴയ വാഹനം ലേലം ചെയ്തിട്ടില്ല എന്നും 2018-19 ലെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ ടി വാഹനം നിലവിലും ബ്ലോക്ക് പഞ്ചായത്ത് പരിസരത്ത് ഉപയോഗശൂന്യമായി കാണുന്നുണ്ട്. ഈ വാഹനം വിൽക്കുന്നതിനുള്ള ലേല നടപടികളുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/24.2.202) ലഭ്യമായ മറുപടിയിൽ തുടർ നടപടി ഉണ്ടാകാത്ത സാഹചര്യത്തിൽ 16.10.2021,17.11.21 തീയതികളിലെ ഡി. 3784/17 നമ്പർ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർക്ക് വീണ്ടും കത്തയച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട് . ലേല നടപടികൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും രേഖകൾ പരിശോധനക്കായി

ലഭ്യമാക്കേണ്ടതുമാണ്.

1-15 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഉപവകുപ്പ് (1) ൽ (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിലെ വൌച്ചർ പരിശോധിച്ചതിൽ നിന്നും കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വി.ഇ.ഒ ഓഫീസായി പ്രവർത്തിക്കുന്ന 8/790 ാം കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇനത്തിൽ 924/- രൂപ ബ്ലോക്ക് പഞ്ചായത്ത് രസീത് നം. 119030200001/28.2.20 പ്രകാരം കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് . വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്.

1-16 ജാതി തൈ വിതരണം- പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ.

പദ്ധതി നം. 243/20

പദ്ധതി. പട്ടികവർഗ്ഗ സങ്കേതത്തിലേക്ക് ജാതി തൈ വിതരണം.

അടങ്കൽ . 30500/-(പ്ലാൻ),225000/- (ടിഎസ്.പി)

ചെലവ് . 16500/-(പ്ലാൻ), 225000/- (ടിഎസ്.പി.)

ബിൽ നം.3/19-20/25.2.20

പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ കാർഷിക അഭിവൃദ്ധിയിലൂടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് ജാതിത്തൈ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഒപ്പം ഊരുകൂട്ടത്തിൽ പോയി പരിശീലനം നൽകുന്നതും, തൈ വിതരണം ചെയ്യുന്നതിനുള്ള വാഹന വാടകയും പദ്ധതി ചെലവിന്റെ ഭാഗമാണ്.

വാരിയം,ഉറിയംപ്പെട്ടി എന്നീ രണ്ട് ഊരുകൂട്ടകുടുംബങ്ങളുടെ 77 പേർ വീതമുള്ള പട്ടികയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത ഊരുകൂട്ടങ്ങളിൽ ഒരു ദിവസത്തെ പരിശീലനം നടത്തിയതിന്റെയും, വാഹന വാടകയുടേയും ചെലവിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ ഓടക്കാലിയിലെ ഗവേഷണ കേന്ദ്രത്തിൽ നിന്നാണ് (ഇൻവോയ്സ് നം. 304/k/00021/2019-20) ജാതി തൈകൾ വാങ്ങിയത്. 500/- രൂപ നിരക്കിൽ 400 യൂണിറ്റാണ് വാങ്ങിയിട്ടുള്ളത്. പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1)പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 125 പേർക്ക് പരിശീലനം നൽകിയതിനെ സാധൂകരിക്കുന്നതിനായി 125 പേരുകൾ രേഖപ്പെടുത്തിയ ഒരു പട്ടിക സൂക്ഷിച്ചിട്ടുണ്ടെങ്കിലും അതിൽ ആരും തന്നെ ഒപ്പോ, വിരലടയാളമോ രേഖപ്പെടുത്തിയിട്ടില്ല.

2)രണ്ട് ലക്ഷം രൂപക്ക് വാങ്ങിയ 400 ജാതി തൈകൾ ആർക്കാണ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) മോണിറ്ററിങ്ങ് കമ്മറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. പദ്ധതി നടപ്പാക്കി 2 വർഷം കഴിഞ്ഞിട്ടും പദ്ധതിയുടെ വിശദമായ മോണിറ്ററിങ്ങ് നടന്നതായി കാണുന്നില്ല.

മേൽ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/25.02.22)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 225000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ടില്ലർ വാങ്ങി നൽകൽ- തുടർ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നില്ല.

പദ്ധതി നം. 255/20

പദ്ധതിയുടെ പേര്- പാടശേഖര സമിതിക്ക് ടില്ലർ വാങ്ങി നൽകൽ.

അടങ്കൽ : 619500/-

61950/- (ഗുണ.വിഹിതം)

ബിൽ നം/.ചെലവ് : 1072751/13.1.20 തുക. 455776/-

ചെക്ക് നം. 2881997/10.2020 തുക. 50642/-

നിർവ്വഹണം : കൃഷിഅസി.ഡയറക്ടർ .

പദ്ധതി പ്രകാരം പോത്താനിക്കാട്, കോട്ടപ്പടി, കുറ്റിലഞ്ഞി എന്നീ 3 പാടശേഖര സമിതികൾക്ക് ഓരോ ടില്ലർ വീതം 'കാംകോ' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

എന്നാൽ വാങ്ങി നൽകിയ ടില്ലറുകൾ നിലവിൽ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച രേഖകൾ ഫയലിലില്ല. അതത് കൃഷി ഓഫീസറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സമിതികളുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ടോ എന്നത് സംബന്ധിച്ചും ഫയൽ കൊണ്ട് വ്യക്തമല്ല. ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കൂടാതെ പാടശേഖര സമിതികളുടെ യോഗങ്ങളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പങ്കെടുക്കാറുണ്ടോ എന്നും കണക്കുകൾ പരിശോധിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി പ്രകാരം ടില്ലറുകൾ വാങ്ങി കരാർ ചമച്ച് കൈമാറിയിട്ട് 2 വർഷത്തോളമായതിനാൽ യന്ത്രങ്ങളുടെ നിലവിലെ അവസ്ഥ പരിശോധന വിധേയമാക്കേണ്ടതും വിശദമായ റിപ്പോർട്ട് വാങ്ങി ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ മേൽ പറഞ്ഞ പദ്ധതിക്കുള്ള ഗുണഭോക്തൃവിഹിതമായി ലഭിച്ചതും ചെലവായ തുകയുമായ50462/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-18 ഡെപ്പൊസിറ്റ് പ്രവൃത്തിക്ക് സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ പോത്താനിക്കാട് ഗവ.ഹോസ്പിറ്റൽപടി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ എന്ന പദ്ധതിക്ക് 2019-20 ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന തുകക്ക് നാളിതു വരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നം. 250/19-20

| അടങ്കൽ | ചെലവ് | ബിൽ നം./ചെക്ക്നം |
|---|---|---|
| 46092/- | 46092/- | 1039720/ 4.01.20 |

മേൽ പ്രവൃത്തികൾ സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 46092/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം, പേര് | ബിൽ നം, തീയതി | ചെലവഴിച്ച തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 485330/ 21.08.19 | 200424/- | പിണ്ടിമന, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 100212/-വീതം |
| 2 | 33/19-20 ലൈഫ് | 485329/ 21.8.19 | 990000/- | കീരമ്പാറ ഗ്രാമപഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | | | |
| 3 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 485327/ 21.8.19 | 990000/- | കവളങ്ങാട് ഗ്രാമപഞ്ചായത്ത് |
| 4 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 485326/ 21.8.19 | 990000/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 5 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 485325/ 21.8.19 | 990000/- | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| 6 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 513541/ 29.8.19 | 863952/- | കവളങ്ങാട് ഗ്രാമപഞ്ചായത്ത് |
| 7 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 513542/ 29.8.19 | 513180/- | കീരമ്പാറ ഗ്രാമപഞ്ചായത്ത് |
| 8 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 513539/ 29.8.19 | 990000/- | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| 9 | 33/19-20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 513540/ 29.8.19 | 990000/- | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് |
| 10 | 33/20 ലൈഫ് ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 29420/ 31.8.19 | 6431844/- | പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്: 520000/- നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്: 5911844/- |
| 11 | 44/20 ലൈഫ് പി എം എ വൈ -പട്ടികവർഗ്ഗം ഭവനനിർമ്മാണം - 2019-20 | 513373/ 29.8.19 | 815600/- | കുട്ടംപുഴ ഗ്രാമപഞ്ചായത്ത് . |
| 12 | 40/19-20ലൈഫ്-പട്ടികജാതി-ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | 5129277/ 31.8.19 | 1680000/- | പിണ്ടിമന ഗ്രാമപഞ്ചായത്ത്: 560000/- കവളങ്ങാട് ഗ്രാമപഞ്ചായത്ത്: 400000/- കീരമ്പാറ ഗ്രാമ പഞ്ചായത്ത് : 720000/- |
| 13 | 40/19-20ലൈഫ്-പട്ടികജാതി-ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | ജോയിന്റ് വെൻചർ ട്രാൻസ്ഫർ | 260000/- | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 14 | 40/19-20ലൈഫ്-പട്ടികജാതി-ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | ജോയിന്റ് വെൻചർ ട്രാൻസ്ഫർ | 30096/- | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 15 | 40/19-20ലൈഫ്-പട്ടികജാതി-ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | ജോയിന്റ് വെൻചർ ട്രാൻസ്ഫർ | 200000/- | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 16 | 40/19-20ലൈഫ്-പട്ടികജാതി-ഭവനനിർമ്മാണം - പഞ്ചായത്തുകൾക്ക് തുക കൈമാറൽ. | ജോയിന്റ് വെൻചർ ട്രാൻസ്ഫർ | 260000/- | ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | | | | |

ക്രമനം നം 13 മുതൽ 16 വരെ ഏത് പഞ്ചായത്തിലേക്കാണ് തുക കൈമാറിയതെന്ന് വ്യക്തമല്ല. കൈമാറിയ പഞ്ചായത്തുകളെ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്. മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 ആസ്തി സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്

പഞ്ചായത്ത് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി പിണ്ടിമന വില്ലേജിൽ സർവ്വേ നമ്പർ 461/1/22/3/14 -ലുള്ള 40 ആർ 34 ചതുരശ്ര മീറ്റർ സ്ഥലം 24.03.2018 ൽ വാങ്ങിയിരുന്നു. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി 30.03.2017 ന് പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ശ്രീമതി.ജൂലിയറ്റ് ആർ ദാസ് എന്ന വ്യക്തി പഞ്ചായത്ത് ഉൾപ്പെടെ മൂന്ന് പേരെ എതിർ കക്ഷിയാക്കി ടിയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് അതിർത്തി കയ്യേറിയതായും കയ്യാല നീക്കി വഴി സ്ഥാപിച്ചതായും മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ OS No.346/2018 നമ്പർ പരാതി സമർപ്പിച്ചു. എതിർകക്ഷികളെ ഈ സ്ഥലത്ത് കടക്കുന്നതിൽ നിന്ന് വിലക്കി അതിർത്തി പുനഃസ്ഥാപിക്കാൻ പരാതിക്കാരന് അനുകൂലമായി കോടതിവിധി വരികയും ചെയ്തു. എക്സ് പാർട്ടി ആയി വന്ന വിധി തത്സമയം പഞ്ചായത്ത് അറിഞ്ഞില്ല. പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിന്റെ ആധാരത്തിൽ 12 അടി വീതിയുള്ള വഴിയുൾപ്പെടെ ഉണ്ടെങ്കിലും കോടതിവിധിക്ക് ശേഷം ഈ വഴി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തേക്ക് പ്രവേശനം അടച്ച് നിർമ്മാണപ്രവർത്തനം നടത്തിയതിനെത്തുടർന്ന് പഞ്ചായത്ത് പൊലീസ് സഹായത്തോടെ വഴി പുനഃസ്ഥാപിച്ച് സ്ഥലം കൈയേറ്റം ഒഴിപ്പിച്ചിരുന്നു.നിലവിൽ പഞ്ചായത്ത് ശ്രീമതി ജൂലിയറ്റ് ആർ ദാസ്, ശ്രീ.സജീവ് പി കെ എന്നിവരെ എതിർ കക്ഷികളാക്കി കോതമംഗലം മുൻസിഫ് കോടതിയിൽ OS No.761/2019 നം. Suit For Injunction ഫയൽ ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തിയായ സ്ഥലത്ത് പ്രവേശിക്കുന്നതിന് വഴിയുൾപ്പെടെ ആധാരത്തിൽ ഉണ്ടായിട്ടും ഇത്തരത്തിൽ കൈയേറ്റം നടന്നത് ഗൗരവമായി കാണേണ്ടതും ആസ്തിസംരക്ഷണം ഉറപ്പുവരുത്തുന്നതിന് ഉചിതമായ തുടർനടപടികൾ വീഴ്ച കൂടാതെ നടപ്പാക്കുന്നുവെന്ന് നിരീക്ഷിക്കേണ്ടതുമാണ്.

## 1-21 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയില്ല

1.

| | |
|---|---|
| പ്രോജക്ട് നം., പേര് | S0187/20, 90 സെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 381420/-(വികസന ഫണ്ട്-ജനറൽ) |

| | |
|---|---|
| കരാറുകാരൻ | ശ്രീ ബൈജു ജോർജ് |
| അളവ് പുസ്തകം | 175/19-20 |
| ചെലവ് വിവരം (തുക,ബിൽ ./തീയതി) | 377389/-(49/19-20,26.07.2019) |

90 സെന്റ് കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. കോൺക്രീറ്റിംഗ് പ്രവൃത്തി നടപ്പാക്കിയതിൽ ഇനം ഒന്നായി ചെയ്തിട്ടുള്ള മണ്ണ് കുഴിച്ചെടുത്തപ്പോൾ ലഭിച്ച $30m^3$ മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്തിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകിയ നിരക്ക്,തുക |
|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | $30.015m^3$ | $30.015m^3$ X193.8/$m^3$ =5816.91/- |

2.

| | |
|---|---|
| പ്രോജക്ട് നം., പേര് | SO218/20, ആനാംകുഴി കോളനി സമഗ്രവികസനം |
| അടങ്കൽ | 327607/-(എസ് സി പി) |
| കരാറുകാരൻ | ശ്രീ എൻ ബി മൈതീൻ |
| അളവ് പുസ്തകം | 2/19-20 |
| ചെലവ് വിവരം (തുക,ബിൽ നം./തീയതി) | 327607/-(97/19-20,13.03.2020) |

ആനാംകുഴി കോളനി സമഗ്രവികസനം എന്ന പദ്ധതിയിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. ഇതിൽ ഇനം ഒന്നായി ചെയ്ത പ്രവൃത്തിയിൽ മണ്ണ് കുഴിച്ചെടുത്തപ്പോൾ $134.28m^3$ മണ്ണ് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകിയ നിരക്ക്,തുക |
|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | $134.28m^3$ | $101.25m^3$ X176.19/$m^3$=17839.24/-<br>$33.03m^3$x157.16/$m^3$= 5190.99/-<br>ആകെ 23030.23 |

മേൽ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം രേഖപ്പെടുത്താതിരുന്നത് ശരിയായ നടപടിയല്ല. കുഴിച്ചെടുത്ത മണ്ണ് അവിടെ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ചിട്ട് വേണം കരാറുകാരന് തുക നൽകേണ്ടിയിരുന്നത്. കുഴിച്ചെടുത്ത മണ്ണ് അവിടെ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ തുക കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 24.02.2022 ലെ 30ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി താഴ്ന്ന പ്രദേശം ലെവൽ ചെയ്യുന്നതിനായി മണ്ണ് ഉപയോഗിച്ചിരുന്നെന്നും 50m ലീഡിനുള്ളിൽ തന്നെ ഉപയോഗിച്ചതിനാലാണ് ഇക്കാര്യം രേഖപ്പെടുത്താതിരുന്നതെന്നുമാണ്. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

## 1-22 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 162/20, വാരപ്പെട്ടി പ്രാഥമികാരോഗ്യ കേന്ദ്രം വിപുലീകരണം |
| അടങ്കൽ | 16,00,000/- |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| കരാറുകാരൻ | ശ്രീ ബിജുമോൻ പി എ |
| അളവ് പുസ്തകം | 36/18-19 |

| | |
|---|---|
| ചെലവ് വിവരം (തുക,ബിൽ നം./തീയതി) | 1) 748773/- (16/19-20, 07.05.19)<br>2)495273/- (102/19-20, 13.03.20) |

വാരപ്പെട്ടി സാമൂഹ്യാരോഗ്യ കേന്ദ്രം വിപുലീകരണം എന്ന പദ്ധതിയിൽ ഇനം ഒന്നായി ചെയ്തിരിക്കുന്നത് എർത്ത് വർക്ക് എക്സ്കവേഷനാണ്. ടി പ്രവൃത്തിയിൽ 30.694m$^3$ മണ്ണ് കുഴിച്ചെടുത്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയിലെ ഇനം നം.5 കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് നടത്തിയ ഫില്ലിംഗ് (28.598) പ്രവൃത്തിയാണെന്ന് രേഖപ്പെടുത്തി അത് പ്രകാരം തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകിയ നിരക്ക്,തുക |
|---|---|---|
| എർത്ത് വർക്ക് എക്സ്കവേഷൻ | 30.694 M$^3$ | 30.694m$^3$ X194.40/m$^3$ =5966.91/- |
| കരാറുകാരന്റെ മണ്ണ് ഉപയോഗിച്ച് ഫില്ല് ചെയ്തത് | 28.598 M$^3$ | 10.36 M$^3$x364m$^3$ =3771.04/-<br>18.28m$^3$x363.51m$^3$=6629.70/-<br>ആകെ 10400.74/- |

കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതെ പകരം കരാറുകാരന്റെ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് അവിടെ വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്ത് വേണം കരാറുകാരന് തുക നൽകേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ 24.02.2022 ലെ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കട്ട് ചെയ്തെടുത്ത മണ്ണ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ മുറ്റം വെള്ളം കെട്ടിക്കിടന്ന ഭാഗം ലെവൽ ചെയ്യുന്നതിനായാണ് ഉപയോഗിച്ചതെന്നും പദ്ധതിയിലുൾപ്പെട്ട കെട്ടിടത്തിന്റെ തന്നെ മുറ്റമായതിനാലും 5 മീറ്റർ ലീഡിനുള്ളിൽത്തന്നെ ആയതിനാലുമാണ് സർട്ടിഫൈ ചെയ്യാതിരുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-23 കൃഷി അസി.ഡയറക്ടർ ശേഖരിച്ച ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

2018-19 വാർഷിക ധനകാര്യ പത്രികയിലെ B4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതം 483000/- രൂപ ചെലവാക്കാതെ അവശേഷിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷത്തിലും ടി തുക ചെലവാക്കിയിട്ടില്ല. കൃഷി അസിസ്റ്റന്റ് ഡയറക്ടർ പദ്ധതി നിർവഹണത്തിന്റ ഭാഗമായി ഗുണഭോക്തൃവിഹിതം ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടച്ച തുകയാണിത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | തുക അടവാക്കിയ വർഷം | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|---|
| 1 | 2017-18 | ലഭ്യമല്ല | 120816 |
| 2 | 2018-19 | അങ്കണവാടികൾക്ക് ഗ്രോബാഗ് വിതരണം (38/18-19) | 23500 |
| 3 | 2018-19 | കൊയ്ത്തുമെതിയന്ത്രം, വൈക്കോൽ കെട്ടുന്നയന്ത്രം വിതരണം(24/18-19) | 338684 |
| ആകെ | | | 483000 |

മേൽ വിശദീകരിച്ച പ്രകാരം പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച ഗുണഭോക്തൃവിഹിതം ചെലവാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 8/24.02.2022) മറുപടി ലഭിച്ചില്ല. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി പിരിച്ചെടുത്ത തുക പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഭാഗമായി മറ്റ് ഏജൻസികൾക്ക് നൽകുകയോ ഗുണഭോക്താക്കൾക്ക് റീഫണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തി തുടർനടപടി

സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-24 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S0043/20 |
| അടങ്കൽ | 13,75,000/- (വികസന ഫണ്ട്-സാധാ) |
| ചെലവ് | 13,75,000/- |
| ബിൽ നമ്പർ/ തീയതി/തുക | 154/19-20 ; 09-01-2020 ; 2,00,000<br>155/19-20 ; 09-01-2020 ; 6,75,000<br>156/19-20 ; 09-01-2020 ; 2,93,818<br>157/19-20 ; 09-01-2020 ; 2,00,000<br>ബിൽ നം രേഖപ്പെടുത്തിയിട്ടില്ല ; 06-03-2020 ; 6182 |

മേൽ പദ്ധതി നടത്തിപ്പിനായി 4 ഗ്രാമപഞ്ചായത്തുകൾക്ക് ശിശു വികസന പദ്ധതി ഓഫീസർ തുക കൈമാറിയിട്ടുണ്ടെങ്കിലും കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിന് നൽകിയ 300000/- രൂപയുടെ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 300000/- രൂപ തടസപ്പെടുത്തുന്നു.

### 1-25 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും താഴെപ്പറയുന്ന ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു.

1. എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പല പ്രവൃത്തികളുടെയും സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയിട്ടുണ്ട്.
2. ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി വീപ്പയുടെ വില ഈടാക്കിയത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. തനത് ഫണ്ട് ഒഴികെയുള്ള ഫണ്ടിൽ നിന്നും നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത തുക സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.
3. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 17 പ്രകാരം മരാമത്ത് പ്രവൃത്തിയുടെ വിവരങ്ങൾ ഉൾപ്പെടുന്ന ബോർഡ് സ്ഥാപിക്കുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും പല പ്രവൃത്തിയും നടപ്പാക്കുമ്പോൾ ഈ ഇനം ഒഴിവാക്കുന്നതായി കാണുന്നു.
4. പദ്ധതികളുടെ രൂപീകരണത്തിൽ 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, 172 (1)ലെ പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുന്നില്ല. പട്ടികയിലെ നിബന്ധനകൾ പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണ് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ കുറ്റിലഞ്ഞി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (നം. 103/20) ഒരു ഗ്രാമപഞ്ചായത്തിന്റെ മാത്രം പരിധിയിൽ വരുന്ന പദ്ധതിയാണ്.
5. ബ്ലോക്ക് പഞ്ചായത്തുകളുടെ പൊതുവായ ചുമതലകളിൽ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികൾ പരിഗണിച്ച് ഇരട്ടിപ്പ് ഒഴിവാക്കി വേണം പദ്ധതികൾ തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 വർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കോതമംഗലം ബ്ലോക്കിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ താളുംകണ്ടം കോളനി കലുങ്ക് നിർമ്മാണത്തിന് മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്ന് 3,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കി. ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തി നടത്തുന്നതിന് മുൻപ് തന്നെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി കലുങ്ക് നിർമ്മാണം പൂർത്തിയാക്കി.

പിന്നീട് ബ്ലോക്ക് പഞ്ചായത്ത് ടി പദ്ധതി ഉപേക്ഷിച്ച് ഈ തുക വകയിരുത്തി കോളനിയിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി ഏറ്റെടുക്കുകയാണ് ചെയ്തത്. ഗ്രാമപഞ്ചായത്തിലെ പദ്ധതികൾ കണക്കിലെടുത്ത് പദ്ധതി രൂപീകരിക്കാൻ ശ്രമിക്കാത്തതിനാലാണ് ഇത്തരം ഇരട്ടിപ്പ് ഉണ്ടായിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നടത്തിപ്പിലും കാര്യക്ഷമത ഉറപ്പുവരുത്താൻ ഭരണസമിതിയും സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-26 പി.എം.എ.വൈ.- ലൈഫ് ഭവന നിർമ്മാണം - ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നം .237/20

പദ്ധതി .പി.എം.എ.വൈ. (2018-19) ലൈഫ് ഭവന നിർമ്മാണം .

അടങ്കൽ. 448000/-(വികസനഫണ്ട്)

ചെലവ്. 336000/-

നിർവ്വഹണം : സെക്രട്ടറി.

ലൈഫ് ഭവന പദ്ധതിയിൽപെട്ട ( 2018-19) മൂന്ന് പേർക്ക് തൻവർഷം 112000/- രൂപ വീതം തുക നൽകിയതായാണ് ഗുണഭോക്തൃ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ പ്രസ്തുത ഫയൽ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ 3 പേർക്കായി ട്രഷറിയിൽ മാറിയ ബില്ലുകളുടെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സാക്ഷ്യപ്പെടുത്തിയ ബില്ലുകളുടെ അഭാവത്തിൽ ചെലവ് തുക നിശ്ചിത ഗുണഭോക്താവിന് തന്നെയാണോ ലഭ്യമായതെന്ന് ഉറപ്പ് വരുത്താനാകില്ല.

മേൽ പറഞ്ഞ അപാകത പരിഹരിക്കേണ്ടതാണ്.

### 1-27 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഐ.കെ.എം വിഹിതമായി നൽകിയ താഴെ പറയുന്ന തുകക്ക് നാളിതുവരെ കൈപ്പറ്റ്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നം. | ബിൽനം./തീയതി | തുക |
|---|---|---|
| 1/21 | 699113/17.10.19 | 89440/- |

തുക അടവാക്കി രണ്ട് വർഷത്തിലധികമായിട്ടും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 പദ്ധതി ചെലവ്- പ്ലാൻഫണ്ടിൽ നിന്നും മിസലേനിയസ് അക്കൗണ്ടിലേക്ക് ലഭ്യമാക്കേണ്ട തുക മാറ്റിയില്ല.

പദ്ധതി നം.234/20

അടങ്കൽ. 70000/-

ചെലവ്. 68316/-

ബിൽ നം./അക്കൗണ്ട് നം.10013257/31.3.20

ഐഎസ് ഒ സർട്ടിഫിക്കേഷനുള്ള പ്രാരംഭ ചെലവുകൾക്കായി പ്ലാൻഫണ്ട് തുക ലഭിക്കുന്നതുവരെ മിസലേനിയസ് അക്കൗണ്ടിൽ നിന്നും 15000/- രൂപ പിൻവലിച്ചിരുന്നു. കൂടാതെ ഫയർ എക്സ്റ്റിങ്ക്യുഷർ വാങ്ങുന്നതിലേക്കായി 7080/- രൂപയും പിൻവലിച്ചിരുന്നു. എന്നാൽ പദ്ധതി വിഹിതത്തിൽ നിന്നും

15000/- രൂപ മാത്രമേ 31.3.2020 ന് തിരികെ അടവാക്കിയുള്ളൂ. ശേഷിക്കുന്ന തുക പ്രസ്തുത അക്കൗണ്ടിലേക്ക് അടവാക്കാതിരുന്നത് ശരിയായ നടപടിക്രമമല്ല. ബാക്കി നിൽക്കുന്ന തുകയും തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 സ്രോതസ്സിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹന വാടക നൽകി.

നേര്യമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (പ്രോജക്റ്റ് നം. 50/20) സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ഉപയോഗിച്ച വകയിൽ വാഹന വാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL-40-E-8163 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. സച്ചു സാജുവിന് വാഹന വാടക ഇനത്തിൽ ആകെ 229640/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 2/19-20,215.07.2019 | 41280 |
| 3/19-20,29.08.2019 | 40160 |
| 7/ 19-20,26.10.2019 | 41600 |
| 10/19-20,11.12.19 | 20800 |
| 15/19-20,15.02.2020 | 41600 |
| 12/19-20, 30.12.2019 | 20800 |
| 17/19-20,18.03.2020 | 20800 |
| 21/19-20,30.03.2020 | 2600 |
| ആകെ | 229640/- |

229640/- രൂപയുടെ 1% തുകയായ 2296/- രൂപ ആദായനികുതിയായി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതായിരുന്നു. പ്രസ്തുത അപാകത ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വാരപ്പെട്ടി സി.എച്ച്.സി. യുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹനവാടക നൽകി.

വാരപ്പെട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (പ്രോജക്റ്റ് നം. 46/20) സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ഉപയോഗിച്ച വകയിൽ വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട ഭവന സന്ദർശനം നടത്തുന്നതിനായി KL-41-C 1350 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ.ബിജുവിന് വാഹന വാടക ഇനത്തിൽ ആകെ 240220/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ

നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 2/19-20,20.07.2019 | 40600 |
| 5/19-20,20.09.2019 | 42240 |
| 8/19-20,28.10.2019 | 20640 |
| 13/19-20,11.12.2019 | 37410 |
| 21/19-20,30.01.2020 | 37410 |
| 22/19-20,18.03.2020 | 41280 |
| 29/19-20,30.03.2020 | 20640 |
| ആകെ | 240220/- |

240220/- രൂപയുടെ 1% തുകയായ 2402/- രൂപ ആദായനികുതിയായി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതായിരുന്നു. പ്രസ്തുത അപാകത ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായനികുതി ഇനത്തിൽ തുക ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-31 പല്ലാരിമംഗലം പി.എച്ച്.സി - സ്രോതസ്സിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട നികുതി ഈടാക്കാതെ വാഹനവാടക നൽകി.

പല്ലാരിമംഗലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ (പ്രോജക്ട് നം. 55/20) സെക്കന്ററി പാലിയേറ്റീവ് പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി വാഹനം ഉപയോഗിച്ച വകയിൽ വാഹനവാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് ഭവന സന്ദർശനം നടത്തുന്നതിനായി KL-05-6066 വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. ഇബ്രാഹിം കരീമിന് വാഹന വാടക ഇനത്തിൽ ആകെ 193359/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന കോൺട്രാക്ടുകളിൽ നിന്ന് 1% ആദായ നികുതി (വ്യക്തികളിൽ നിന്ന്) ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | നൽകിയ തുക |
|---|---|
| 2/22.07.2019 | 20480 |
| 2/22.07.2019 | 17920 |
| 15/16.03.2019 | 35168 |
| 17/16.03.2020 | 17584 |
| 21/30.03.2020 | 13188 |
| 7/27.09.2019 | 37366 |
| 10/20.01.2020 | 51653 |
| ആകെ | 193359/ - |

193359/- രൂപയുടെ 1% തുകയായ 1934/- രൂപ ആദായനികുതിയായി ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതായിരുന്നു. വിഷയം ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായനികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ നിലനിൽക്കുന്നു.

പഞ്ചായത്തിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആകെ 24 ഓഡിറ്റ് പരാമർശങ്ങളാണ് നടപടിയെടുക്കാൻ അവശേഷിക്കുന്നത്. 2013-14, 2014-15 മുതൽ 2018-19 വരെയുള്ള അവസാന അഞ്ച് വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

1) പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്യുന്നതിന്റെ ലേലനടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 2-1ന് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

2) വസ്തുനികുതി ഒഴിവുള്ള കൈമാറിക്കിട്ടിയ സ്ഥാപനത്തിന്റെ നികുതി അടവാക്കി എന്ന 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 3-5 തീർപ്പാക്കിയിട്ടില്ല.

3)ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി നിർമിച്ച കെട്ടിടത്തിന് കോതമംഗലം നഗരസഭയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കണമെന്ന 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം ഒഴിവാക്കിയിട്ടില്ല.

4) റോഡ്, ശ്മശാന നിർമ്മാണ സ്ഥലങ്ങളിൽ നിന്നും മണ്ണ് കടത്തിയതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു.

5)മരാമത്ത് പ്രവൃത്തികളുടെ KCWWF വിഹിതം പിരിച്ചെടുത്ത വകയിൽ കളക്ഷൻ ചാർജ്ജ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട തുക ഈടാക്കി പരാമർശം ഒഴിവാക്കിയിട്ടില്ല.

6)2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ 3-6(2), 3-6(3) നെല്ലിക്കുഴി പഞ്ചായത്ത് 6-ാം വാർഡ് മുല്ലേക്കാവ് ചെക്ക് ഡാം നിർമ്മാണം , കോട്ടപ്പടി പഞ്ചായത്ത് മുത്തൂർ കുടിവെള്ള പദ്ധതി എന്നീ പ്രോജക്ടുകൾ റദ്ദാക്കിയെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ആയതിന് ആധാരമായ രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കിയിട്ടില്ല.

7)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലത്തെ സെയിൽസ് ഔട്ട് ലെറ്റ് കെട്ടിടത്തിന്റെ വാടക പൂർണ്ണമായും ഈടാക്കണമെന്ന പരാമർശം നിലവിലും തുടരുകയാണ്.(2016-17 ഓഡിറ്റ് റിപ്പോർട്ട്).

8)കടവൂർ വനിതാ വ്യവസായ കേന്ദ്രം (പ്രോജക്ട് നം:25/2016) റൂഫിങ് എന്ന മരാമത്ത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ പിഴ തുകയായി ലഭ്യമാകാനുള്ള 3457/- രൂപ കരാറുകാരനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.(2016-17 ഓഡിറ്റ് റിപ്പോർട്ട്).

9)കവളങ്ങാട് ഗ്രാമപഞ്ചായത്ത് 7-ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണത്തിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 5,20,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രസ്തുത പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി 2014-15 വർഷത്തെ ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടില്ല.

കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാകാതെ അവശേഷിക്കുന്ന പ്രധാന പരാമർശങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. അവശേഷിക്കുന്ന 24 ഖണ്ഡികകളും തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-33 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല

വാർഷിക ധനകാര്യ പത്രിക RP 31 ഷെഡ്യൂൾ പ്രകാരം 320700203 ഹെഡ്ഡിൽ സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 701554/- രൂപയും, 320700208 ഹെഡ്ഡിൽ 630000/- രൂപയും വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്തപദ്ധതികൾക്കായി ലഭിച്ച 320700208 ഹെഡ്ഡിലെ തൻവർഷ വരവ് സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 580000/- രൂപ മാത്രമാണ്. 320700203 എന്ന ഹെഡ്ഡിൽ 701,554/- രൂപ ഈയിനത്തിലെ വരവായി ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം 24.02.2022 ലെ 7ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷവും പഞ്ചായത്ത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഏത് പദ്ധതിക്കായി ഏതേത് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ തുകയാണിതെന്ന് വ്യക്തമല്ല. 320700203 ഹെഡ്ഡിൽ 15713592/- രൂപ IAY പ്ലാൻ ഫണ്ട്-13296 എന്ന അക്കൗണ്ടിലും 320700208 എന്ന ഹെഡ്ഡിൽ 331946/- രൂപ TSB 1088 എന്ന അക്കൗണ്ടിലുമായി നീക്കിയിരിപ്പ് കാണുന്നു. ഈ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമല്ല. സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന തുക വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം തിരികെ നൽകുകയോ ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വസ്തു നികുതി അടവാക്കി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഉപവകുപ്പ് (1) ൽ (എച്ച്) പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളെയും വസ്തുനികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ വൌച്ചർ പരിശോധിച്ചതിൽ നിന്നും കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 8/790, 8/791, 8/792, 8/793, 8/794, 8/795, 8/796, 8/797എന്നീ നമ്പറിലുള്ള വാണിജ്യ ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് 2019-20 സാമ്പത്തിക വർഷത്തെ വസ്തുനികുതി ഇനത്തിലെ 5026/- രൂപ (8/790-924/-, 8/791-586/-, 8/792-586/-, 8/793-586/-, 8/794-586/-, 8/795-586/-, 8/796-586/-, 8/797-586/-) അടവാക്കാൻ കവളങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ 5.2.2020 ലെ കെ/4805/17 കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇനത്തിൽ ചെലവായ തുക 2019-20 ലെ ബ്ലോക്ക് പഞ്ചായത്തിലെ എസ്.ടി.എസ്.ബി 5 തനതുഫണ്ട് അക്കൌണ്ടിലെ (വൌച്ചർ നം.രേഖപ്പെടുത്തിയിട്ടില്ല) ചെക്ക് നം. 2145417, തീയതി 26.2.20 പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കവളങ്ങാട് ഗ്രാമപഞ്ചായത്തിന് നൽകുകയും 28.02.2020 ലെ നം.119030200002 മുതൽ 08വരെയുള്ള രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/24.2.2022) ലഭ്യമായ മറുപടിയിൽ ടി കെട്ടിടങ്ങൾ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും കോമേഴ്സ്യൽ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളുടെ വസ്തു നികുതി യാണ് അടവാക്കിയിട്ടുള്ളത് എന്നുമാണ്. എന്നാൽ കെട്ടിടങ്ങളുടെ വാടക ഈടാക്കിയതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/24.2.2022) ലഭ്യമായ മറുപടിയിൽ മേൽ കെട്ടിടങ്ങളിൽ കെട്ടിട നം - 8/790 -ാം മുറി വി.ഇ.ഒ ഓഫീസായി പ്രവർത്തിക്കുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ആയതിനാൽ 8/790 -ാം നമ്പർ കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് കവളങ്ങാട് ഗ്രാമ പഞ്ചായത്തിൽ അടച്ച 924/- രൂപ (രസീത് നം. 119030200001/28.2.20) തിരികെ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് | | |

അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | പിണ്ടിമന ഗ്രാമപഞ്ചായത്ത് | 2019-20 | 210000 | പി എം എ വൈ ഭവന നിർമ്മാണം | 210000 | 0 |
| 2 | കീരംപാറ ഗ്രാമപഞ്ചായത്ത് | 2019-20 | 370000 | പി എം എ വൈ ഭവന നിർമ്മാണം | 370000 | 0 |
| | ആകെ | | | | 580000 | 0 |

സംയുക്തപദ്ധതികൾക്കായി ലഭിച്ച 320700208 ഹെഡ്ഡിലെ തുക 580000/- രൂപ ആണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 630000/- എന്ന് തെറ്റായാണ് ചേർത്തിട്ടുള്ളത്. 320700203 എന്ന ഹെഡ്ഡിൽ 701,554/- രൂപ ഈയിനത്തിലെ വരവായി ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | UTR നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പല്ലാരിമംഗലം പഞ്ചായത്ത് വാർഡ് 12 അടിവാട് വെസ്റ്റ് വാട്ടർ പൈപ്പ് ലൈൻ നീട്ടൽ (127/20) | U000000708706716/ 04.09.2019 | 5,00,000/- | 369445/- | 130555/- ചെക്ക് മുഖേന തിരികെ ലഭിച്ച തുക 3604-00-911-99 എന്ന ഹെഡ്ഡിൽ സർക്കാരിലേക്ക് അടവാക്കി യിട്ടുണ്ട് |
| കെ എസ് ഇ ബി | പോത്താനിക്കാട് ഗവ.ആശുപത്രിപ്പടി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ (250/20) | U000000757819736/ 01.02.2020 | 46092/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |

വാർഷിക ധനകാര്യപത്രികയിൽ 410600102 എന്ന ഹെഡ്ഡിൽ 46092/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5,00,000/- രൂപ നിക്ഷേപ പ്രവൃത്തിക്ക് നൽകിയത് ഏത് ഇനത്തിലാണ് ചേർത്തിട്ടുള്ളതെന്ന് വ്യക്തമല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുക നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ - ഭവന പദ്ധതി | GO(MS) No. 90/13/ Lsgd തീ.14/3/2013 | 1,14,00,000 | 10260000 | - | - | 10260000 |

തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ രേഖകൾ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല. ഇത് പൊരുത്തപ്പെടുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ 14,383,618.00/- രൂപയാണ് തിരിച്ചടക്കാൻ ബാക്കിയുള്ളത്. പഞ്ചായത്ത് അടവാക്കിയ തുക പലിശയിനത്തിലും പഞ്ചായത്തിലെ കണക്കുകളിൽ മുതലിലേക്കും വരവ് വെച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് വിശദീകരിക്കപ്പെട്ടു. ഇക്കാര്യത്തിൽ കൃത്യത വരുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 | 20 | 2004-05 | 7.II.1.1 | പദ്ധതി നിർവ്വഹണ ചെലവ് – അധികം ചെലവാക്കിയത് | അധികം ചെലവഴിച്ച 21136/- രൂപ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയിട്ടുണ്ട്. എന്നാൽ പരാമർശം തീർപ്പാക്കി ഉത്തരവ് ലഭിച്ചിട്ടില്ല. |
| 2004-05 | 3-8 | 2007-08 | 3.45.1 | പണി പൂർത്തിയാകാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | റവന്യൂ റിക്കവറി നടപടികളിലൂടെ 54026/-രൂപ ഈടാക്കി. പലിശയിനത്തിൽ ഈടാക്കുവാനവശേഷിക്കുന്ന തുകയ്ക്ക് ഇളവ് നൽകാൻ സാധിക്കില്ലെന്ന് 07.09.2021 ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. |

## 4-9 ചാർജ്- സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്/സർചാർജ് ഇനത്തിൽ തുകയൊന്നും അടവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73124049.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79447535.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 924.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 571092.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 924/- | നാസർ കെ.എച്ച്.<br>സെക്രട്ടറി , കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 225000 | ശ്രീമതി. സിന്ധു. വി.പി<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-18 | 46092 | ശ്രീ നാസർ കെ.എച്ച്.<br>സെക്രട്ടറി |
| 1-24 | 300000 | ശ്രീമതി സുഹറ പി എച്ച്,<br>സി ഡി പി ഒ |
| | 571092 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

| | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 2296/- | ഡോ. ലൂസിന പൗലോസ്,<br>എം.ഒ, സി എച്ച്. സി |
| 1-30 | 2402/- | ഡോ.മാത്യൂ ഏം ജോസഫ്<br>എം.ഒ, സി എച്ച്. സി |
| 1-31 | 1934/- | ഡോ. ആഷിഷ്,<br>എം.ഒ, സി എച്ച്. സി |

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക | സ്ഥിരം മേൽവിലാസം |
|---|---|---|

| | മേൽവിലാസം | |
|---|---|---|
| നാസർ .കെ.എച്ച്. സെക്രട്ടറി, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | നാസർ കെ.എച്ച്. സെക്രട്ടറി, മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | കളപ്പുര (ഹൌസ്) ഏനാനെല്ലൂർ (പി.ഒ) കാലാംപൂർ |
| സുഹറ പി എച്ച്, സി ഡി പി ഒ | സി ഡി പി ഒ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | മുരിക്കണ്ടൻ ഹൗസ്, സൗത്ത് വാഴക്കുളം |
| സിന്ധു. വി.പി കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് | പാറത്തോട്ടത്തിൽ ഹൗസ്, ലെമൺഗ്രാസ് വില്ല, ടാഗോർ നഗർ, മൂവാറ്റുപുഴ, 686661 |

.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2004-05 വരെ | എൽ.എഫ്.ഇ.(സി.1)2134/11 (അദാലത്ത് റപ്പോർട്ട്), 23-11-2011 |
| 2008-09 | കെ.എസ്.എ-ഇ.കെ.എം.(ബിപി)466/19 തീയതി 06.06.2019 |
| 2009-10 | കെ.എസ്.എ-ഇ.കെ.എം.(ബിപി)384/2018 തീയതി 06.04.2018 |
| 2013-14, 14-15 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1573/16, 4.10.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)384/2018 തീയതി 06.04.2018 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(ബി.പി)27/19 തീയതി 23.03.2019 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(ബി.പി)290/19, 11.07.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(ബി.പി)110/2022 തീയതി 14.03.2022 |

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്